# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: T*2821 10/12/2014-ൽ മറുപടിക്ക്

## റിഹാബിലിറ്റേഷൻ പ്ലാന്റേഷൻ പുനലൂർ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. കെ. രാജു | | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി) |
| (എ) | പുനലൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട റിഹാബിലിറ്റേഷൻ പ്ലാന്റേഷൻ എന്ന സ്ഥാപനത്തിലെ തൊഴിലാളികൾക്ക് ഫാമിലി കാർഡ് ഇല്ലാത്തതിനാൽ സ്ഥിരപ്പെടുത്തുവാൻ R.P.C മാനേജ്മെന്റ് തയ്യാറാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | റിഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡിൽ ശ്രീലങ്കയിൽ നിന്നും റിപ്പാട്രിയേറ്റ് ചെയ്യപ്പെട്ടതിൽ 700 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി ഒരോ കുടുംബത്തിൽ നിന്നും രണ്ടു പേർക്ക് വീതം ജോലി നൽകുകയുണ്ടായി. അങ്ങനെ തൊഴിൽ ലഭിച്ചവർ പിരിഞ്ഞു പോകുമ്പോൾ, ആ കുടുംബത്തിന്റെ കുടുംബ കാർഡിൽ പേരുള്ള അർഹരായവർക്ക് പകരം ജോലി നൽകി വരുന്നു. നിലവിൽ കമ്പനിയിലെ "പ്ലാന്റേഷൻ വർക്കർ" തസ്തികകൾ റിപ്പാട്രിയേറ്റുകൾക്കായി സംവരണം ചെയ്തിരിക്കുന്നു. പ്രസ്തുത കുടുംബ കാർഡുകളിൽ പേരുള്ളവരിൽ കമ്പനിയിലെ ജോലിക്ക് അർഹതയുള്ളവർ ഇല്ലാതിരിക്കുകയോ അതിന് അർഹതയുള്ളവർ കമ്പനിയിലെ ജോലിക്ക് വരാതിരിക്കുകയോ ചെയ്യുമ്പോഴാണ്, ആ കുടുംബ- |

ത്തിൽപ്പെട്ടവർക്ക് ഇൻഡ്യയിൽ വന്നശേഷം ജനിച്ച മക്കൾക്ക് താൽക്കാലിക ജോലി, കമ്പനിയിലെ വർക്കർമാരുടെ കുറവു പരിഹരിക്കുന്നതിനുവേണ്ടി സർക്കാരിന്റെ ഉത്തരവനുസരിച്ച് നൽകിവരുന്നത്. ഇത്തരത്തിൽ ഈ സ്ഥാപനത്തിൽ താൽക്കാലികമായി ജോലി ചെയ്യുന്ന റിപ്പാട്രിയേറ്റുകളല്ലാത്ത തൊഴിലാളികളെയാണ് സ്ഥിരപ്പെടുത്താതിരിക്കുന്നത്.

| | |
|---|---|
| (ബി) പ്രസ്തുത വിഷയം പരിഹരിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ? | (ബി) റിഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡിൽ അർഹതയുള്ള റിപ്പാട്രിയേറ്റുകൾക്ക് കമ്പനിയിൽ ജോലി നൽകിയതിനുശേഷമേ താൽക്കാലിക തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്ന കാര്യം പരിഗണിക്കാനാവുകയുള്ളൂ. |

സെക്ഷൻ ഓഫീസർ